പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3468 | 15. 07.2015- ൽ മറുപടി നല്കേണ്ടത്. |

## ഭക്ഷ്യ വസ്തുക്കളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കലിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് 280 കേസ്സുകളിലായി 72,39,700 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതും 3085 സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ നിശ്ചിത നിലവാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തിയ കേസ്സുകളിന്മേൽ 161 സിവിൽ കേസ്സുകളും 41 ക്രിമിനൽ കേസ്സുകളും ഇതിനകം ഫയൽ ചെയ്തിട്ടുണ്ട്. |
| ബി) | ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് ഇപ്പോൾ എത്ര ലാബുകൾപ്രവർത്തിക്കുന്നുണ്ട്; ജില്ലകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | ബി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ അനലറ്റിക്കൽ ലാബും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ്സേഫ്റ്റി ലാബും പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നില്ല. |
| സി) | മായം ചേർക്കലിന് കടുത്ത ശിക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ; ആവശ്യമെങ്കിൽ ഇക്കാര്യത്തിൽ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെയും പരിഗണനയിൽ വരുന്ന വിഷയമാണോ എന്നറിയിക്കാമോ ; | സി) | കുറ്റകൃത്യത്തിന്റെ ഗൗരവം അനുസരിച്ച് 10 ലക്ഷംരൂപ വരെ പിഴയും ജീവപര്യന്തം തടവോ ലഭിക്കാവുന്ന വരെയുള്ള ശിക്ഷകൾ നിലവിൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നിയമത്തിൽ അനുശാസിക്കുന്നുണ്ട്. വളരെ കർശനമായ ശിക്ഷവ്യവസ്ഥകൾ നിലവിൽ നിയമത്തിൽ അനുശാസിക്കുന്നുണ്ട്. പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള വിഷയമായി ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സംസ്ഥാനത്തിന് ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ